(ബി) കനാലുകൾ നിർമ്മിച്ച് അതിലൂടെ നടത്തുന്ന ജലസേചന രീതി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) കാലാകാലങ്ങളിൽ അറ്റുകുറ്റപ്പണി നടത്താത്തതുമൂലം ബഡ് കനാലുകൾ പലതും ഉപയോഗശൂന്യമായിക്കിടപ്പുള്ള വിവരം ഗവണ്മെന്റിന് അറിവുണ്ടോ;

(ഡി) പരമ്പരാഗത ജലസേചന സംവിധാനംമൂലം വളരെയധികം ജലം പാഴായി പോകുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഭൂവിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചെലവ് കുറഞ്ഞരീതിയിൽ കൂറ്റമറ്റവിധം ജലസേചനം നടത്തുന്നതിനും ദീർഘകാലം ആവർത്തനച്ചെലവില്ലാതെ ജലസേചനം നടത്തുന്നതിനും അനുയോജ്യ മായവിധം ജലസേചനസംവിധാനം നവീകരിക്കുന്നതിനുള്ള പഠനം നടത്താൻ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപി ള്ള) :

(എ)&(ബി) നമ്മുടെ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും മറ്റും കണക്കി ലെടുത്ത ജലസേചന രീതിയിൽ മാറ്റം വരുത്തുവാനുള്ള സാദ്ധ്യതകൾ വളരെ കുറവാണ്.

(സി)&(ഡി) ഉണ്ട്, അറ്റകുറ്റപ്പണികളുടെ കുറവുമൂലം കനാലിലു ണ്ടാകുന്ന കേടുപാടുകളും ജലം പാഴായിപോകുന്നതും പരിഹരിക്കുന്നതിലേ ക്കായി Revamping and consolidation of old Irrigation projects എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു.

(ഇ) ജലസേചനം നൽകുന്ന ഭൂമികളിൽ കർഷകർ കൂടുതൽ പ്രാ വശ്യം കൃഷിചെയ്ത് ഭൂവിനിയോഗം കൂട്ടുന്നുണ്ട്. ചിലവുകുറഞ്ഞ രീതിയിൽ ജലസേചനം നടത്താൻ എല്ലാ സ്ഥലങ്ങളിലും ജലസ്രോതസ്സ് അപ്രാപ്യമാണ്. ജലസ്രോതസ്സിന്റെ ലഭ്യതയനുസരിച്ച് തടയണ കെട്ടിയും കുളംകുഴിച്ചും നദി കളിൽ നിന്നും വെള്ളം പമ്പുചെയ്തു ജലസേചനം നടത്തുന്നുണ്ട്. ജലസേ ചന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ പഠനവും നിരീക്ഷണവും നട ത്തുന്നുണ്ട്.

21 (*111) സംസ്ഥാനത്തെ ട്രോളിംഗ് നിരോധനം

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം എത്ര ദിവസത്തേക്കാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കടൽത്തീരത്തുനിന്ന് എത്രദൂരം വരെയാണ് ട്രോളിംഗ് നിരോ ധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) കേരളതീരത്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് മോട്ടോർ ഘടി പ്പിച്ച് യാനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തീരക്കടൽ ട്രോളിംഗ് നിരോധിക്കുന്നതുമൂലം ആഴക്കടൽ ട്രോളിംഗിന് നിരോധനമുണ്ടാകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ തീരക്കടൽ ട്രോളിംഗ് നിരോധിക്കുകയും ആഴക്കടൽ ട്രോളിംഗ് നടത്തുകയും ചെയ്യുന്നതുകൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ട്രോളിംഗ് നിരോധനം സംബന്ധിച്ച് പഠനം നടത്തിയ ഡോ. ബാലകൃഷ്ണൻ നായരുടെ റിപ്പോർട്ടിൽ ട്രോളിംഗ് നിരോധനത്തിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ജി) ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യബന്ധനമേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ)

(എ) 45 ദിവസത്തേക്ക്.

(ബി) കടൽത്തീരത്തുനിന്ന് 12 നോട്ടിക്കൽമൈൽ അതായത് 22 കിലോമീറ്റർ ദൂരംവരെ.

(സി) ഇല്ല.

(ഡി) 1995 മുതൽ ആഴക്കടൽ ട്രോളിംഗിന് നിരോധനമുണ്ടാകുന്നുണ്ട്.

(ഇ) ഇതുകൊണ്ട് നേട്ടങ്ങൾ ഒന്നുമില്ല. ട്രോളിംഗ് നിരോധനത്തിന്റെ ലക്ഷ്യപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുകയേയുള്ളൂ.

(എഫ്) 1988-ൽ നിർമ്മിച്ച ഡോ. ബാലകൃഷ്ണൻനായർ കമ്മിറ്റി അടുത്ത 3 വർഷക്കാലം ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ ടെറിട്ടോറിയൽ കടൽപരിധിക്കുള്ളിൽ ട്രോളിംഗ് മത്സ്യബന്ധനരീതി പൂർണ്ണമായും നിരോധിക്കുകയും അതിന്റെ ഫലങ്ങൾ ടി 3 വർഷവും നിരീക്ഷിച്ചുപഠിക്കുകയും വേണം. ഇതിനായി ഈ മൂന്ന് വർഷത്തേക്ക് വിദഗ്ദ്ധന്മാരുടെ ഒരു സംഘത്തെ നിയോഗിക്കണം.

(ജി) ഇക്കാര്യം പരിഗണനയിലില്ല.

22 (*112) ഹൈഡ്രോളജി പ്രോജക്ട്

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ഹൈഡ്രോളജി പ്രോജക്ട് സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എത്രമാത്രം ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly